1. മീനാകുമാരി കമ്മിറ്റി (2002) കായൽ മേഖലയിൽ ഊന്നിവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന്റെ പ്രത്യാഘാതങ്ങൾ.

2. സഞ്ജീവ്ഘോഷ് കമ്മീഷൻ (1987) ഉൾനാടൻ മത്സ്യമേഖലയും ഊന്നി ചീനവലകളും.

3. അളഗർസ്വാമി കമ്മിറ്റി(1991)കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിലെ ഊന്നി/ചീനവലകളും അവയുടെ പ്രവർത്തനം മൂലമുള്ള പ്രത്യാഘാതങ്ങളും.

4. ഇൻലാന്റ് ആന്റ് അക്വാകൾച്ചർ സംബന്ധിച്ച് നിയമിച്ച ടാസ്ക് ഫോഴ്സ് കമ്മിറ്റി(2008) ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ഡോ. എം. എൻ. കുട്ടി അദ്ധ്യക്ഷനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.

5. ലീസിംഗ് പോളിസി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പൊതു ജലാശയങ്ങൾ പാട്ടത്തിന് നല്കുന്നതിനായി ഫിഷറീസ് ലീസിംഗ് പോളിസി തയ്യാറാക്കുന്നതിന് ഡോ. എം.എൻ.കുട്ടി, എഫ്.എ.ഒ.കൺസൾട്ടന്റ് ചെയർമാനായി 11 അംഗസമിതിയെ രൂപീകരിച്ച് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ മത്സ്യമേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളും ഉൾപ്പെടുന്നു.

(ബി) മീനാകുമാരി കമ്മിറ്റി, സഞ്ജീവ്ഘോഷ് കമ്മീഷൻ, അളഗർ സ്വാമി കമ്മിറ്റി, കേരള ഉൾനാടൻ ടാസ്ക് ഫോഴ്സ് കമ്മിറ്റി എന്നീ കമ്മിറ്റികൾ റിപ്പോർട്ടുകളും ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്. ഡോ.എം.എൻ.കുട്ടി ചെയർമാനായുള്ള ലീസിംഗ് പോളിസി സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ഉണക്ക മത്സ്യ വിപണനം

180 (6098) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉണക്ക മത്സ്യവിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് നൽകുന്ന സഹായങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഉണക്ക മത്സ്യ ഉല്പാദനത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് സഹായം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണക്കമത്സ്യങ്ങളുടെ കയറ്റുമതിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(ഡി) ഉണക്ക മത്സ്യങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യത്തിയാക്കിയ ഉണക്ക മത്സ്യ വിപണന പദ്ധതി കൊല്ലം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ, കാസർഗോഡ് എന്നീ അഞ്ച് തീരദേശ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 38 ലക്ഷം രൂപ അനുവദിച്ചതിൽ 32 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

(സി) ഉണക്ക മത്സ്യക്കയറ്റുമതിക്ക് ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശീലന പരിപാടികളും ബോധവത്ക്കരണ പരിപാടികളും ഫിഷറീസ് വകുപ്പ് നടത്തുന്നുണ്ട്.

(ഡി) ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ഉൽപ്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിപണന സഹായം നൽകുന്നതിനുവേണ്ടി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിക്കായി 32 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ 115 ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഒരു യൂണിറ്റിന് പരമാവധി 25,000 രൂപ എന്ന നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. നല്ല പാക്കേജുകളിൽ ഉല്പന്നങ്ങൾ ഗുണമേന്മയോടെ വിപണിയിൽ എത്തിക്കുന്നതിനാണ് സഹായം നല്കുന്നത്. വിപണന സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട്.

സുനാമി പദ്ധതിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട പദ്ധതി

181 (6099) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി ഫിഷറീസ് മേഖലയിൽ എത്ര രൂപയുടെ പദ്ധതികളാണ് അനുവദിച്ചിരുന്നത് ;

(ബി) ഇവയിൽ എത്ര രൂപയുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതികളിൽപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ സ്ഥായിയായ വരുമാന മാർഗ്ഗത്തിന് എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കപ്പെട്ടിട്ടുള്ളത് ;

(ഡി) സുനാമി പദ്ധതിയിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ അനുവദിക്കപ്പെട്ട പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ ;

(ഇ) ഇവയിൽ ഏതെല്ലാം പദ്ധതികളാണ് ഇനി നടപ്പാക്കാൻ അവശേഷിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly